## കേരള സർക്കാർ
### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വരൾച്ചാ ബാധിത ദുരിതാശ്വാസ പ്രവർത്തനങ്ങൾ - ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും 2013 - 14 സാമ്പത്തിക വർഷത്തിലും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

### തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാരണ) നം. **1014**/2013/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 16.04.2013.

---

പരാമർശം:-

1. സ.ഉ.(സാധാ.) നം. 807/2012/ത.സ്വ.ഭ.വ. തീയതി: 20.03.2012.
2. സ.ഉ.(സാധാ.) നം. 218/2013/ത.സ്വ.ഭ.വ. തീയതി: 28.01.2013.

### ഉത്തരവ്

സംസ്ഥാന റവന്യൂ വകുപ്പ് വരൾച്ച ബാധിതമെന്നു പ്രഖ്യാപിക്കുന്ന / പ്രഖ്യാപിച്ചിട്ടുള്ള പ്രദേശം ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും സംസ്ഥാന / കേന്ദ്ര സർക്കാരിന്റെ മറ്റു വകുപ്പുകളോ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്ന മറ്റു ഏജൻസികളോ നടപ്പിലാക്കാത്ത വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി അഞ്ച് ലക്ഷം രൂപയും നഗരസഭകൾക്ക് പരമാവധി പത്ത് ലക്ഷം രൂപയും മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് പരമാവധി ഇരുപത്തഞ്ച് ലക്ഷം രൂപയും 2012-13 സാമ്പത്തിക വർഷം ചെലവ് ചെയ്യുന്നതിന് പരാമർശം രണ്ടിലെ ഉത്തരവുനുസരിച്ച് അനുവദിച്ചിരുന്നു.

2. **പ്രസ്തുത പരമാവധി തുകയിൽ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവാക്കിയ തുക കഴിച്ചുള്ള തുകക്ക്** 2013 ഏപ്രിൽ ഒന്നു മുതൽ ജൂൺ മുപ്പത് വരെയുള്ള കാലയളവിലും തനത് നിധിയിൽ നിന്നോ പരമ്പരാഗത ചുമതലകൾ, ആസ്തികളുടെ / റോഡിതര ആസ്തികളുടെ സംരക്ഷണം, വികസനവും അഭിവൃദ്ധിപ്പെടുത്തലും തുടങ്ങിയവക്കായുള്ള നിധികളിൽ നിന്നോ പഞ്ചായത്ത്

കമ്മിറ്റി / നഗരസഭാ കൗൺസിലിന്റെ തീരുമാന പ്രകാരം വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

പ്രസ്തുത ധനവിനിയോഗത്തിലൂടെ നടത്തുന്ന എല്ലാത്തരം പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡുകളിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതും വരൾച്ചക്കുശേഷം ചേരുന്ന ഗ്രാമസഭ / വാർഡു സഭകളിൽ സമർപ്പിച്ചു ചർച്ച ചെയ്യപ്പെടേണ്ടതുമാണ്.

ഇത്തരത്തിൽ ചിലവാക്കുന്ന തുകക്ക് പിന്നീട് ജില്ലാ ആസൂത്രണ സമിതിയുടെ (ആവശ്യമായ പദ്ധതി തയ്യാറാക്കി നൽകി) സാധൂകരണം വാങ്ങേണ്ടതാണ്. കൂടാതെ റവന്യൂ വകുപ്പ് കണ്ടെത്തുന്ന രൂക്ഷമായ വരൾച്ച നേരിടുന്ന പ്രദേശങ്ങളിൽ റവന്യൂ വകുപ്പ് ജലവിതരണം നടത്തുന്നില്ലെങ്കിൽ കുടിവെള്ളം ടാങ്കർ ലോറികളിൽ എത്തിക്കുന്ന നടപടികളിൽ ജലവിതരണം നടത്തുന്ന റൂട്ടുകളുടെ വിശദവിവരം പഞ്ചായത്ത് / നഗരസഭാ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്. വരൾച്ചക്കുശേഷം ചേരുന്ന ഗ്രാമസഭയിൽ / വാർഡ്സഭയിൽ അതതു വാർഡിലെ / ഡിവിഷനിലെ ജലവിതരണത്തെ സംബന്ധിച്ച വിവരങ്ങൾ സമർപ്പിച്ചു ചർച്ച ചെയ്യേണ്ടതാണ്. ജലവിതരണം നടത്തുന്ന ടാങ്കർ ലോറികളുടെ ട്രിപ്പ് ഷീറ്റുകൾ ബന്ധപ്പെട്ട വാർഡ് പ്രതിനിധിയും എ.ഡി.എസ്. ചെയർപേഴ്സണും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്.)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (എല്ലാ നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും പകർപ്പ് നൽകേണ്ടതാണ്).
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (ഈ ഉത്തരവിനനുസൃതമായ മാറ്റങ്ങൾ **"സാംഖ്യ"**യിൽ വരുത്തുന്നതിനും വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിലേയ്ക്കുമായി)
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
ജലവിഭവ വകുപ്പ് / റവന്യൂ വകുപ്പ് / പൊതുമരാമത്ത് വകുപ്പ് / ധനകാര്യ വകുപ്പ് / സഹകരണ വകുപ്പ്.
സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്. (എല്ലാ മാധ്യമങ്ങളിലും വാർത്തയായി നൽകുന്നതിന്)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.